പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1995 7/07/2015-ൽ മറുപടിക്ക്

# കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി, മാങ്കുളം വൈദ്യുത പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ടോ ; | (എ) ഇടുക്കി ജില്ലയിലെ മാങ്കുളം ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പിനായി കുറത്തിക്കുടിയിലുള്ള 10 ആദിവാസി കുടുംബങ്ങളിൽ നിന്നും ഏറ്റെടുത്ത 7.61 ഏക്കർ ഭൂമിക്ക് പകരം പുനരധിവാസ പാക്കേജിന്റെ ഭാഗമായി ഭൂമി നൽകുന്നതിനു വേണ്ടി ഇടുക്കി ജില്ലയിലെ മന്നാംകണ്ടം വില്ലേജിലെ 10- മൈലിനടുത്തുള്ള 7.61 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുണ്ട്. ഈ സ്ഥലം അർഹമായ ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.<br>ഇടുക്കി പദ്ധതിയുടെ ഓഗമെന്റേഷൻ പദ്ധതിയായ വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതിയ്ക്കായി 2 ആദിവാസി കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമി വീതം പകരം നൽകിയിട്ടുണ്ട്. |
| (ബി) കൃഷിയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ആദിവാസികൾക്ക് പാറക്കല്ലുകളും മലഞ്ചരിവുകളുമുള്ള ഭൂമി വാങ്ങി നൽകിയതായും തന്മൂലം അവരുടെ ജീവിതം ദുരിതത്തിലായെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(സി) എങ്കിൽ അവർക്ക് കൃഷിയോഗ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി)യും (സി)യും<br>വാർത്തകൾ വാസ്തവ വിരുദ്ധമാണ്. ഇടുക്കി ജില്ലയിലെ മാങ്കുളം ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി പകരം ഭൂമി തെരഞ്ഞെടുത്തത് ഡിസ്ട്രിക് ട്രൈബ്യൂണൽ ഡെവലപ്മെന്റ് ഓഫീസറും ജനപ്രതിനിധികളും ഗുണഭോക്താക്കളായ ആദിവാസികളും ചേർന്നുള്ള സമിതിയാണ്. കൂടാതെ ആദിവാസികൾ നേരിൽ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥലം ഏറ്റെടുത്തത്. |

സെക്ഷൻ ഓഫീസർ